# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 989 — 6.6.2018-ൽ മറുപടിയ്ക്ക്

### കോഴിവില

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഹൈബി ഈഡൻ | | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ കോഴിവില നിയന്ത്രിക്കുമെന്ന സർക്കാർ പ്രഖ്യാപനത്തിന് ശേഷവും യാതൊരു നിയന്ത്രണവുമില്ലാതെ ഇറച്ചിക്കോഴി വില വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | വില നിയന്ത്രിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | ബി) | പരീക്ഷണാടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പും, കെപ്കോയും കുടുംബശ്രീയും സംയുക്തമായി വില നിയന്ത്രിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| സി) | കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ; | സി) | കെപ്കോ, കുടുംബശ്രീ, മൃഗസംരക്ഷണ വകുപ്പ് എന്നീ മൂന്ന് സ്ഥാപനങ്ങളുടെയും സംയുക്തസംരംഭമായി കേരളചിക്കൻ ഉൽപ്പാദിപ്പിക്കാനുള്ള ഒരു പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. പ്രാരംഭ ഘട്ടത്തിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ 10 യൂണിറ്റുകൾ വീതം ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. കെപ്കോ ഉൽപ്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളും നിശ്ചിത നിരക്കിൽ യൂണിറ്റുകൾക്ക് നൽകുന്നതാണ്. 40-45 ദിവസം പ്രായവും 2 കിലോ ഭാരവുമാകുമ്പോൾ അവയെ കിലോയ്ക്ക് 85 രൂപ നിരക്കിൽ കെപ്കോ തന്നെ തിരിച്ചെടുത്ത് സ്വന്തം പ്ലാന്റിൽ പ്രോസസ്സ് ചെയ്ത് ചിക്കൻ ഉൽപ്പാദിപ്പിക്കുന്നതാണ്.<br>ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് സംസ്ഥാനത്ത് തന്നെ ഉൽപ്പാദിപ്പിക്കുന്ന കോഴിയിറച്ചി ലഭ്യമാക്കുന്നതിനോടൊപ്പം, കുടുംബശ്രീ അംഗങ്ങൾക്ക് അധികവരുമാനം |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുക എന്ന ലക്ഷ്യവും ഈ പദ്ധതിയ്ക്ക് പിന്നിലുണ്ട്. നിലവിൽ 1000 ഇറച്ചിക്കോഴികളെ വളർത്താനുള്ള ഭൗതിക സാഹചര്യമുള്ളവർക്ക് ഒരു ലക്ഷം രൂപ 4% പലിശയോടെ വായ്പാ ധനസഹായമായും, കൂടാതെ പുതുതായി ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നവർക്ക് 50000 രൂപ സബ്സിഡിയും കുടുംബശ്രീ നൽകി വരുന്നു. |
| ഡി) | തമിഴ് നാട്ടിലെ കോഴിക്കച്ചവടക്കാർ കോഴിവില നിശ്ചയിച്ച് അമിതലാഭം കൊയ്യുന്ന പ്രവണത ഇല്ലാതാക്കുന്നതിനും, ഹോർമോണില്ലാത്ത കോഴിയിറച്ചി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | ഡി) | തമിഴ് നാട്ടിലെ കോഴിക്കച്ചവടക്കാർ കോഴിവില നിശ്ചയിച്ച് അമിതലാഭം കൊയ്യുന്ന പ്രവണത ഇല്ലാതാക്കുന്നതിനും, ഹോർമോണില്ലാത്ത കോഴിയിറച്ചി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും കേരളത്തിൽ ഇറച്ചിക്കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കുവാനും വ്യാപിപ്പിക്കുവാനും സർക്കാർ സംരംഭമായ കെപ്കോ, ചില പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളിലൂടെ ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കാനുള്ള ഒരു പദ്ധതി കെപ്കോ നടപ്പിലാക്കി വരുന്നു. കേരളത്തിലെ 1000 പഞ്ചായത്തുകളിലായി 5000 യൂണിറ്റുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. അതിനുപുറമേ കോൺട്രാക്ട് ഫാമിംഗിലൂടെ ഇറച്ചിക്കോഴികളെ വളർത്തിയെടുത്ത് കെപ്കോ തന്നെ വില കൊടുത്ത് തിരിച്ചെടുത്ത് സംസ്കരിച്ച് ഇറച്ചി തയ്യാറാക്കുന്നു. കെപ്കോയുടെ ഹാച്ചറികൾ നവീകരിച്ച് കൂടുതൽ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്ത് ഇറച്ചിക്കോഴിവളർത്തൽ പ്രോൽസാഹിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ